# എയ്ഞ്ചൽസ്

## ആർമി

മെയ് 2014



## കാവൽ മാലാഖയോടുള്ള പ്രാർത്ഥന

എന്റെ കാവൽമാലാഖേ,
എല്ലാവിധ അപകടങ്ങളിൽ
നിന്നും എന്നെ
സംരക്ഷിക്കണമേ.
ഇന്നേ ദിവസം ഈശോയുടെ
നല്ല കുഞ്ഞായിരിക്കുവാൻ
എന്നെ സഹായിക്കണമേ.
ഈ രാത്രിയിൽ എല്ലാവിധ
ആപത്തുകളിൽ നിന്നും
ദു:സ്വപ്നങ്ങളിൽ
നിന്നും എന്നെ
കാത്തു കൊള്ളണമേ.



## മുഖ്യ ദൈവദൂതനായ വിശുദ്ധ മിഖായേലിനോടുള്ള ജപം



മുഖ്യദൂതനായിരിക്കുന്ന വിശുദ്ധ മിഖായേലേ, പോരാട്ട സമയത്ത് അങ്ങു ഞങ്ങളുടെ തുണയും സഹായവുമായിരിക്കണമേ. പിശാചിന്റെ ദുഷ്ടതയിലും കെണിയിലും നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കണമേ. ദൈവം അവനെ ശാസിക്കട്ടെയെന്ന് ഞങ്ങൾ എളിമയോടെ പ്രാർത്ഥിക്കുന്നു. ആത്മാക്കളെ നശിപ്പിക്കാൻ ലോകമെങ്ങും ചുറ്റി നടക്കുന്ന സാത്താനെയും അവന്റെ സൈന്യങ്ങളെയും അല്ലയോ സ്വർഗീയ സൈന്യാധിപാ, അങ്ങ് ദൈവത്തിന്റെ ശക്തിയാൽ നരകാഗ്നിയിലേക്ക് തള്ളുകയും ചെയ്യണമേ. ആമേൻ

# എയ്ഞ്ചൽസ് ആർമി

**മാസിക.**

**മെയ് 2014**






<u>എഡിറ്റർ</u>
**സുനിൽ ഏലിയാസ്**
<u>എക്സിക്യൂട്ടീവ് എഡിറ്റർ</u>
**മേരി മാർട്ടിൻ**
<u>എക്സിക്യൂട്ടീവ് മാനേജർ</u>
**സിൻജോ പി.കെ.**
<u>എഡിറ്റോറിയൽ ബോർഡ്</u>
**റവ. ഫാ. ചെറിയാൻ നേരെവീട്ടിൽ, റെന്നി ഞാറക്കുളം, മാർട്ടിൻ ജോസ്, ജസ്റ്റിൻ, പ്രീത ജോസഫ്, മിനി വിൽസൺ, റോസ്**
<u>പ്രിന്റർ & പബ്ലിഷർ</u>
**ജോസ് ഡോമിനിക്**
<u>ലേഔട്ട്</u>
**ഡയസൻ ഡിസിൽവ**

<u>രക്ഷാധികാരികൾ</u>
**ബിഷപ് മാർ റാഫേൽ തട്ടിൽ**
ചെയർമാൻ, കരിസ്മാറ്റിക് കമ്മീഷൻ, കെ.സി.ബി.സി.
**റൈറ്റ് .റവ. ഡോ. ജോസഫ് കാരിക്കശേരി**
വൈസ് ചെയർമാൻ, കരിസ്മാറ്റിക് കമ്മീഷൻ, കെ.സി.ബി.സി.
**ബിഷപ് സാമുവൽ മാർ ഇറേനിയോസ്**
വൈസ് ചെയർമാൻ, കരിസ്മാറ്റിക് കമ്മീഷൻ, കെ.സി.ബി.സി.
<u>ആത്മീയ ഉപദേശകൻ</u>
**റവ. ഫാ. വർഗീസ് മണവാളൻ**
<u>ഉപദേശക സമിതി</u>
**റവ. ഫാ. ജസ്റ്റിൻ കൈപ്പറമ്പാടൻ, സിസ്റ്റർ സെർജിയൂസ്, ഡോ. എഡ്വേർഡ് എടേഴത്ത്, ബേബി ചാക്കോ, ബോണി ചെല്ലാനം**
<u>ആനിമേറ്റർ</u>
**റവ. ഫാ. അബ്രഹാം പള്ളിവാതുക്കൽ** എസ്. ജെ.



**ANGELS ARMY** Jesus Youth, Emmaus, H.M.T.Colony P.O. Kalamassery-683503, Kochi, Kerala
Ph: 0484 6444702. Email: info@angelsarmy.in www.angelsarmy.in



# ഫാത്തിമയിലെ നക്ഷത്രവിളക്കുകൾ

**പോ**ർച്ചുഗലിലെ, മലനിരകളാൽ ചുറ്റപ്പെട്ട സുന്ദരമായ ഒരു ഗ്രാമപ്രദേശമായിരുന്നു ഫാത്തിമ. അടിയുറച്ച കത്തോലിക്കാ വിശ്വാസികളായിരുന്നു ഫാത്തിമ ഇടവകയിലെ ജനങ്ങൾ. കുടുംബങ്ങളിൽ പ്രാർത്ഥനയും ബൈബിൾ കഥകളും വേദോപദേശവും ഒക്കെയായി കുഞ്ഞുങ്ങളെ ദൈവവിശ്വാസത്തിൽ വളർത്താൻ മാതാപിതാക്കൾ വളരെയേറെ ശ്രദ്ധിച്ചിരുന്നു.

അവിടെ അന്റോണിയാ സാന്റോസിന്റെയും മരിയറോസാ സാന്റോസിന്റെയും 7 മക്കളിൽ ഇളയവളായിരുന്നു ലൂസിയാ. ചുറുചുറുക്കും ആകർഷകമായ പെരുമാറ്റവും അസാധാരണമായ ഓർമ്മശക്തിയും അവളുടെ പ്രത്യേകതകളായിരുന്നു. നമസ്ക്കാരങ്ങളെല്ലാം ചെറുപ്പത്തിൽത്തന്നെ മനഃപാഠമാക്കിയതിനാൽ 6–ാം വയസിൽ കുമ്പസാരവും ആദ്യകുർബാനയും സ്വീകരിക്കാൻ അവൾക്കു സാധിച്ചു. മാത്രമല്ല 9–ാം വയസ്സിൽ മറ്റു കുട്ടികളെ വേദോപദേശം പഠിപ്പിക്കാനും തുടങ്ങി.

ലൂസിയായുടെ ബന്ധുക്കളായിരുന്നു ഫ്രാൻസിസ്കോയും അവന്റെ അനുജത്തി ജസീന്തായും. വഴക്കുണ്ടാക്കാതെ കളിക്കാനും സമാധാനത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാനും ഫ്രാൻസിസ്കോയ്ക്ക് ഒരു പ്രത്യേക കഴിവുതന്നെയുണ്ടായിരുന്നു. അവന്റെ അനുജത്തി ജസീന്തയാകട്ടെ, എപ്പോഴും നൃത്തം ചെയ്തുകൊണ്ടു നടക്കുന്ന ഒരു കുഞ്ഞുമിടുക്കി. കുഞ്ഞായിരിക്കുമ്പോൾത്തന്നെ ജസീന്തയ്ക്ക് ഈശോയോട് ഒരു പ്രത്യേക സ്നേഹം ഉണ്ടായിരുന്നു. അവൾക്ക് 5 വയസ്സുള്ളപ്പോൾ ഈശോയുടെ പീഡാസഹനത്തെപ്പറ്റി കേട്ട് കണ്ണീരൊഴുക്കിക്കൊണ്ട് അവൾ ഒരു തീരുമാനമെടുത്തു, **‘പാപം ചെയ്ത് ഞാനിനി ഒരിക്കലും ഈ**

**ശോയെ വേദനിപ്പിക്കില്ല.”**

ലൂസിയാ, ഫ്രാൻസിസ്കോ, ജസീന്താ... മൂന്നുപേരും കൂടിയാൽപ്പിന്നെ നല്ല രസമാണ്. ഫ്രാൻസിസ്കോ ഫ്ളൂട്ട് വായിക്കും. ലൂസിയായും ജസീന്തയും താളത്തിൽ നൃത്തംചെയ്യും. തങ്ങളുടെ ആടുകളെ മേയ്ക്കാൻ ഗ്രാമത്തിലെ മറ്റ് കുട്ടികളോടൊപ്പം കുന്നിൻചെരുവിലേക്ക് അവരും പോകും. ഉച്ചഭക്ഷണം കഴിഞ്ഞ് കൊന്തയുടെ ഒരു രഹസ്യം ചൊല്ലണം എന്ന് അമ്മമാർ നിർബന്ധമായി പറഞ്ഞിരുന്നു. കളിയുടെ രസം പോകാതിരിക്കാൻ കുറഞ്ഞ സമയംകൊണ്ട് അവർ കൊന്തചൊല്ലിത്തീർക്കും.



1916ൽ ഒരു ദിവസം കുന്നിൻ ചെരുവിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് സുന്ദരനായ ഒരു ബാലൻ അവർക്ക് പ്രത്യക്ഷപ്പെട്ടു പറഞ്ഞു, “ഭയപ്പെടേണ്ട, ഞാൻ സമാധാനത്തിന്റെ മാലാഖയാണ്. എന്നോടൊത്ത് നിങ്ങൾ പ്രാർത്ഥിക്കുവിൻ.” അതിനുശേഷം മാലാഖ നിലത്ത് മുട്ടുകുത്തി. തല നിലത്ത് മുട്ടത്തക്കവിധം പ്രണമിച്ചശേഷം ഒരു പ്രാർത്ഥന ചൊല്ലി, കുട്ടികളോട് ഏറ്റുചൊല്ലാൻ പറഞ്ഞു. അവരൊന്നിച്ചു പ്രാർത്ഥിച്ചു: **“എന്റെ ദൈവമേ, അങ്ങിൽ ഞാൻ വിശ്വസിക്കുന്നു. ഞാൻ അങ്ങയെ ആരാധിക്കുന്നു. അങ്ങിൽ ഞാൻ പ്രത്യാശ അർപ്പിക്കുന്നു. അങ്ങയെ ഞാൻ സ്നേഹിക്കുന്നു. അങ്ങിൽ വിശ്വാസമില്ലാത്തവർക്കുവേണ്ടിയും അങ്ങയെ ആരാധിക്കാത്തവർക്കുവേണ്ടിയും അങ്ങയിൽ പ്രത്യാശയർപ്പിക്കാത്തവർക്കുവേണ്ടിയും അങ്ങയെ സ്നേഹിക്കാത്തവർക്കുവേണ്ടിയും ഞാൻ മാപ്പപേക്ഷിക്കുന്നു.”** പ്രാർത്ഥന പഠിപ്പിച്ചതിനുശേഷം മാലാഖ പറഞ്ഞു, “ഈശോയുടെ തിരുഹൃദയവും പരിശുദ്ധ കന്യകാമാതാവിന്റെ വിമലഹൃദയവും നിങ്ങളു

ടെ യാചനയുടെ സ്വരത്തിന് ചെവി കൊടുത്തുകൊണ്ടിരിക്കുകയാണ്. ദൈവദൂതന്റെ ഈ പ്രത്യക്ഷപ്പെടലിനുശേഷം കുട്ടികൾ വേഗത്തിൽ കൊന്ത ചൊല്ലുന്നത് നിർത്തി. മണിക്കൂറുകളോളം അവർ കമിഴ്ന്നുകിടന്നു പ്രാർത്ഥിക്കാൻ തുടങ്ങി. മൂന്നുപ്രാവശ്യം മാലാഖ പ്രത്യക്ഷപ്പെടുകയും മാതാവിന്റെ ദർശനത്തിനായി അവരെ ഒരുക്കുകയും ചെയ്തു.

1917 മെയ് 13ന് കുട്ടികൾ മൂവരും കോവാദീറിയ എന്ന സ്ഥലത്തെ കുന്നിൽ ആടുകളെ മേയ്ച്ചുകൊണ്ടിരിക്കുമ്പോൾ തൂവെള്ള വസ്ത്രം ധരിച്ച്, സൂര്യനേക്കാൾ ശോഭയോടെ മാതാവ് അവർക്ക് പ്രത്യക്ഷപ്പെട്ടു. **മാതാവ് ചോദിച്ചു: "നിങ്ങളെത്തന്നെ ദൈവത്തിന് സമർപ്പിക്കാനും നിങ്ങൾക്ക് തരുന്ന സഹനങ്ങൾ പാപികളുടെ മാനസാന്തരത്തിനുവേണ്ടി കാഴ്ചവയ്ക്കാനും തയ്യാറാണോ?"**

"ഞങ്ങൾ തയ്യാറാണ്." കുട്ടികൾ പറഞ്ഞു. പാപികളുടെ മാനസാന്തരത്തിനും ലോകസമാധാനത്തിനുമായി ത്യാഗം അനുഷ്ഠിച്ച് കൊന്ത ചൊല്ലണമെന്ന് മാതാവ് ആവശ്യപ്പെട്ടു.

ഉച്ചഭക്ഷണം യാചക കുട്ടികൾക്ക് കൊടുത്തിട്ട് ഉപവാസത്തോടെ മുട്ടിന്മേൽനിന്ന് കൊന്ത ചൊല്ലിയും മറ്റ് ചെറിയ ചെറിയ ത്യാഗങ്ങളിലൂടെയും അവർ പാപികളുടെ മാനസാന്തരത്തിനായി കാഴ്ചവച്ചു പ്രാർത്ഥിച്ചു.

ആറുമാസം തുടർച്ചയായി എല്ലാ 13-ാം തീയതിയും മാതാവ് കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടു. പല വെളിപ്പെടുത്തലുകളും നൽകി. അതൊന്നും ആരോടും പറയരുതെന്ന് മാതാവ് നിർദ്ദേശിച്ചിരുന്നു. രഹസ്യങ്ങൾ അറിയാനായി ഭരണാധികാരികൾ കുട്ടികളെ ജയിലിൽ പിടിച്ചിട്ടു. ഭീഷണിപ്പെടുത്തിനോക്കി. വിലപിടിപ്പുള്ള പല സാധനങ്ങളും കൊടുത്ത് പ്രലോഭിപ്പിച്ചുനോക്കി. പക്ഷേ കുട്ടികൾ രഹസ്യം പറഞ്ഞില്ല. എന്നാൽ 6 വയസ്സുമാത്രം പ്രായമുള്ള ജസീന്തയ്ക്ക് അക്കാര്യങ്ങൾ തന്റെ മാതാപിതാക്കളോട് പറയാതിരിക്കാനായില്ല. അവരിലൂടെ ഗ്രാമവാസികൾ വിവരമറിഞ്ഞു. അവരും മാതാവിനെ കാണാൻ എത്തുകയും അവർക്കുവേണ്ടി മാതാവ് ഒരു അടയാളം നൽകുകയും ചെയ്തു.

മാതാവ് അറിയിച്ചിരുന്നതുപോലെ ഫ്രാൻസിസ് 10-ാം വയസ്സിലും ജസീന്താ 9-ാം വയസ്സിലും ഈ ലോകത്തിൽനിന്നും മാതാവിനോടൊപ്പം സ്വർഗ്ഗത്തിലേക്കുപോയി. ലൂസിയ മാതാവിന്റെ നിർദ്ദേശപ്രകാരം കർമ്മലമഠത്തിൽ ചേരുകയും ഫാത്തിമയിൽ മാതാവ് പറഞ്ഞ കാര്യങ്ങൾ സഭയെ അറിയിക്കുകയും ചെയ്തു. 2005-ൽ തന്റെ 97-ാം വയസ്സിൽ ലൂസിയയും ഫ്രാൻസിസ്കോയുടെയും ജസീന്തയുടേയും ഒപ്പം ചേർന്നു.

മാതാവ് പ്രത്യക്ഷപ്പെട്ട സ്ഥലം ഇന്ന് ലോകപ്രസിദ്ധമായ മരിയൻ തീർത്ഥാടന കേന്ദ്രമാണ്. ഫ്രാൻസിസ്കോയേയും ജസീന്തയേയും തിരുസഭ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തി. നമുക്കും നമ്മുടെ ത്യാഗങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും ഈശോയേയും മാതാവിനേയും ആശ്വസിപ്പിക്കാം.

# സാം കേട്ട കഥകൾ

(സാം തിരഞ്ഞെടുത്ത
വിശുദ്ധരുടെ
ജീവിത കഥകൾ)





കറുത്ത കുട്ടികൾ. ഹ...ഹ...ഹ... വേലയ്ക്കു നിർത്താൻ കൊള്ളാം.
നിർത്തടോ... കുറച്ചുനാളായി ഞാനിത് സഹിക്കുന്നു.
വീട്ടിൽ:ജുവാനും അന്നയും സംസാരിക്കുന്നു
കറുത്ത കുട്ടികളുടെ അച്ഛൻ എന്നു കേൾക്കുന്നതുതന്നെ നാണക്കേടാണ്.
ഓ, ജുവാൻ- നമ്മുടെ മക്കളെ പ്പറ്റിയാണോ അങ്ങീ പറയുന്നത്!!
ജോലിക്കാര്യത്തിനായി ഞാൻ മറ്റൊരു സ്ഥലത്തേക്ക് പോവുകയാണ്. എപ്പോൾ തിരിച്ചുവരും എന്ന് അറിയില്ല.
അപ്പോൾ ഞാനും കുഞ്ഞുങ്ങളും എങ്ങനെ ജീവിക്കും?
ദാ, ഇതുകൊണ്ട് ജീവിക്കാൻ നോക്ക്!


ജുവാൻ കുതിരപ്പുറത്ത് കയറി പോകുന്നു
മക്കളേ...
അമ്മേ.. കരയല്ലേയമ്മേ...
ജുവാൻ നൽകിയ പണം ഏതാനും ദിവസത്തിനുള്ളിൽ തീർന്നു. പട്ടിണി കിടക്കാതിരിക്കാൻ അന്ന ഒരു അലക്കുകാരിയായി മാറി.


ഒരു ദിവസം അവൾ മാർട്ടിനെ വീട്ടിലേക്കുള്ള സാധനങ്ങൾ വാങ്ങുവാൻ കടയിൽ വിട്ടു.
മോനേ, എന്തെങ്കിലും തരണേ... ഭക്ഷണം കഴിച്ചിട്ട് മൂന്നു ദിവസമായി.
ഇതാ... എന്റെ കയ്യിൽ ഇത്രയേ ഉള്ളൂ.


തിരിച്ച് വീട്ടിലേക്ക് വെറും കയ്യോടെ ചെന്ന മാർട്ടിന് അമ്മയുടെ കയ്യിൽനിന്നും ചുട്ട അടി കിട്ടി എന്നു പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. കൂട്ടുകാരേ... വി. മാർട്ടിനെപ്പോലെ നമുക്കും ദരിദ്രരോട് കരുണയുള്ളവരാകാം. ദൈവത്തിന് കറുത്തവരെന്നോ വെളുത്തവരെന്നോ ഉള്ള വേർതിരിവില്ല. അതുകൊണ്ട് കാണാൻ ഭംഗിയില്ലാത്തതിന്റെ പേരിൽ ആരേയും ഒഴിവാക്കാതിരിക്കാൻ നമുക്ക് ശ്രദ്ധിക്കാം.
ഇതിനായി വി. മാർട്ടിന്റെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം. വിശുദ്ധന്റെ കൂടുതൽ വിശേഷങ്ങളുമായി അടുത്ത മാസം വീണ്ടും കാണാം. ബൈ

# എനിക്കുവേണ്ടി അവരും അവർക്കായ് ഞാനും

**കു**റച്ചുനാളുകൾക്കുമുമ്പ് ഒരു ഹ്രസ്വ ചലച്ചിത്രം (Short film)- കണ്ടു. കഥയിങ്ങനെയാണ്. ഹോട്ടലുകളിൽനിന്ന് ഫുഡ് വെയ്സ്റ്റ് എടുക്കാൻ മുച്ചക്ര സൈക്കിളിൽ പാത്രവുമായി എത്തുന്ന ഒരാൾ. വെയ്സ്റ്റ് ഇട്ടിരിക്കുന്ന വലിയ പാത്രത്തിൽനിന്ന് കൂടുതൽ മാംസം ഉള്ള കോഴിക്കഷണങ്ങൾ ഒരു പ്ലാസ്റ്റിക് കവറിലേക്ക് മാറ്റുന്നു. ഒട്ടും മാംസം ഇല്ലാത്തത് വേറൊരു കവറിലേക്കും.

അയാൾ അതുമായി പോകുന്നത് അയാളുടെ ഗ്രാമത്തിലേക്കാണ്. അവിടെ അയാളെ കാത്തിരിക്കുന്ന കുറേ കുഞ്ഞുങ്ങളുണ്ട്. ആ ഗ്രാമത്തിന്റെ മക്കൾ. വല്ലവരും ഭക്ഷിച്ച കോഴിയുടേയും ന്യൂഡിൽസിന്റേയും ബാക്കി കാണുമ്പോൾ അവരുടെ മുഖം സന്തോഷം കൊണ്ടു നിറയുന്നു. കാരണം അത്രയ്ക്ക് അവർ വിശപ്പനുഭവിക്കുന്നവരായിരുന്നു.

പിന്നീട യാൾ വീട്ടിലെത്തുന്നു. മെഴുകുതിരിവെട്ടത്തിൽ അയാളെ കാത്തിരിക്കുന്ന ഭാര്യയും നാലു മക്കളും. ഭാര്യ മക്കൾക്കെല്ലാം പാത്രങ്ങൾ നിരത്തി. പ്ലാസ്റ്റിക് കവറിൽനിന്ന് ന്യൂഡിൽസും ചിക്കന്റെ എല്ലിൻകഷണങ്ങളും വെച്ചുകൊടുക്കുന്നു. അന്നേരം മൂന്നാമത്തെ കുട്ടി സന്തോഷംകൊണ്ട് തുള്ളിച്ചാടി. ഭക്ഷിക്കാനെടുക്കുമ്പോൾ അയാൾ പറയുന്നു: പാടില്ല. ദൈവത്തിന് നന്ദി പറഞ്ഞിട്ട് കഴിക്കാം. പിന്നെ കുടുംബം മുഴുവൻ കുരിശുവരച്ച് കൈകൂപ്പി പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സിനിമ അവസാനിക്കുന്നു.

വെയ്സ്റ്റ് കഴിക്കുമ്പോൾ പോലും ദൈവത്തിന് നന്ദി പറഞ്ഞ് കഴിക്കുന്ന മനുഷ്യരുണ്ടെന്ന്! കാരണം അതുപോലും കിട്ടാൻ അവർക്ക് ബുദ്ധിമുട്ടായിരു



ന്നു. നമ്മളോ? സുഭിക്ഷമായ ഭക്ഷണത്തിനു മുമ്പിലിരിക്കുമ്പോഴും നന്ദി പറയാൻ മറന്നുപോകുന്നു. ദൈവത്തെ മറന്നുപോകുന്നവർ എങ്ങനെ പാവങ്ങളായ സഹോദരരെ ഓർക്കും?

മദർ തെരേസയുടെ ജീവിതത്തിലുണ്ടായ ഒരു സംഭവം വായിച്ചതോർക്കുന്നു. മദറിന്റെ ഹൗസിൽ ഒരു ദിവസം ഭിക്ഷയ്ക്കായി ഒരു സ്ത്രീയെത്തുകയാണ്. അവരുടെ പാത്രത്തിലേക്ക് മദർ ചോറ് വിളമ്പിക്കൊടുത്ത ഉടനെ ആ സ്ത്രീ പുറത്തേക്കു ഓടി. പതിനഞ്ച് മിനിറ്റുകഴിഞ്ഞ് ആ സ്ത്രീ തിരികെ വന്നു. മദർ ചോദിച്ചു: തിടുക്കത്തിൽ എങ്ങോട്ടായിരുന്നു? ആ സ്ത്രീ വിനയത്തോടെ പറഞ്ഞു: **ഞാൻ ഭക്ഷണം കഴിക്കാതിരുന്നിട്ട് ഒരു ദിവസമേ ആയിട്ടുള്ളൂ. എന്നാൽ മൂന്നു ദിനങ്ങളായി ഒന്നും കഴിക്കാത്ത ഒരുസ്ത്രീ കുറേയങ്ങു മാറി ഭിക്ഷ യാചിക്കാനിരിക്കുന്നുണ്ടായിരുന്നു. അവർക്ക് ഭക്ഷണം കൊടുക്കാൻ പോയതാണ്.** മദർ അവരുടെ മുന്നിൽ കൈകൂപ്പി കരഞ്ഞുപോയി. കൊടിയ ദാരിദ്ര്യത്തിന്റെ നടുവിൽ തനിക്ക് ലഭിച്ചത് തന്നേക്കാൾ പാവപ്പെട്ടവർക്ക് പങ്കുവയ്ക്കാൻ കാണിച്ച വലിയ മനസ്സ് നമുക്കും സ്വന്തമാകേണ്ടതാണ്.

പങ്കുവയ്ക്കലാണ് ജീവിതം. അപ്പോഴാണ് ജീവിതം സന്തോഷപൂർണ്ണമാകുന്നത്. രണ്ടു തരത്തിലാണ് സന്തോഷം. **ഒന്ന് സ്വീകരിക്കുമ്പോൾ മറ്റൊന്ന് കൊടുക്കുമ്പോൾ** ഭൂരിഭാഗം പേർക്കും സ്വീകരിക്കുമ്പോഴാണ് സന്തോഷം. എന്നാൽ അപൂർവ്വം ചിലർക്ക് കൊടുക്കുമ്പോൾ സന്തോഷമുണ്ട്. നമുക്കും കൊടുക്കുന്ന ശീലം വളർത്താൻ ശ്രമിക്കാം.

അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ പഠനോപകരണങ്ങൾ എല്ലാം പുതിയതുതന്നെ വേണമെന്ന് എന്തിനാണ് ശാഠ്യം പിടിക്കുന്നത്? പഠിക്കാൻപോലും അവസ്ഥ കിട്ടാത്ത ധാരാളം കുഞ്ഞുങ്ങളുണ്ട് ലോകത്തിൽ. സ്കൂൾബാഗ് അത്ര മോശമല്ലെങ്കിൽ അതുതന്നെ ഒരു വർഷംകൂടി ഉപയോഗിച്ചുകൂടെ? എന്നിട്ട് അപ്പനോട് പറഞ്ഞ് പാവപ്പെട്ട ഒരു കുഞ്ഞിന് ഒരു ബാഗ് വാങ്ങിക്കൊടുത്താലോ. വാട്ടർ ബോട്ടിലും ഷൂസും അങ്ങനെയെല്ലാം തീരെ മോശമായെങ്കിൽ മാത്രം പുതുക്കുക. ഇല്ലെങ്കിൽ അതുതന്നെ മതി നമുക്ക്. കാരണം ഇതൊന്നും ഇല്ലാത്ത ഒത്തിരി മക്കൾ നമുക്കുചുറ്റും ഉണ്ട്. അവർ നമ്മുടെ സഹോദരങ്ങളാണ്. അവരെ കണ്ടില്ല എന്നു നടിച്ചാൽ നമ്മൾ എങ്ങനെ ഈശോയുടെ മക്കളാണെന്നു പറയും?

ഈശോ ദാരിദ്ര്യത്തിന്റെ ദൈവമാണ്. അപ്പോൾ നമുക്കെങ്ങനെ ആഡംബരത്തിൽ മുഴുകാൻ കഴിയും? അതുകൊണ്ട് കൂട്ടുകാരെ, എല്ലാം ലളിതമാക്കാൻ ആഗ്രഹിക്കുക. ആവശ്യത്തിൽ കവിഞ്ഞ് ഒന്നും സ്വരുക്കൂട്ടി വയ്ക്കണ്ട. മറിച്ച് പങ്കുവച്ച് സന്തോഷിക്കാം. ആദിമ സഭയിലെ സന്തോഷം അതായിരുന്നു. പങ്കുവയ്ക്കലിന്റെ സന്തോഷം. എല്ലാ കൂട്ടുകാർക്കും അതിന് കഴിയട്ടെ. പ്രാർത്ഥനകൾ.

***ബോണി ചെല്ലാനം***

# കിട്ടു മിട്ടു


കിട്ടൂ, ബത്‌ലഹേമിൽ നടന്നത് നീയറിഞ്ഞോ? ഓ, എന്തൊരു കൂട്ടക്കൊല. ചങ്ക് തകർന്നുപോയി. റാഹേലിന്റെ കരച്ചിൽ കേൾക്കണമായിരുന്നു.
ദിവ്യശിശുവിനെ കണ്ടുപിടിക്കാൻ കഴിയാത്തതിന്റെ ദേഷ്യത്തിൽ ഹേറോദേസ് രണ്ട് വയസ്സിൽ താഴെയുള്ള എല്ലാ ആൺകുട്ടികളേയും കൊന്നു. കൊടുംക്രൂരത തന്നെ.


(ഈജിപ്തിലെത്തിയ തിരുക്കുടുംബം)
ദരിദ്രർ താമസിക്കുന്ന ചെറുഭവനത്തിലാണ് ഇവരുടെ താമസം. ലാളിത്യവും വൃത്തിയും ഇവരുടെ ഈ ചെറു കുടുംബത്തിലുണ്ട്.


യൗസേപ്പിതാവ് ആശാരിപ്പണി ചെയ്യുന്നു. മാതാവ് വീടുപണിയിൽ വ്യാപൃതയാണ്. ജോലി ചെയ്യുന്നവരുടെ ഹൃദയത്തിലും വീട്ടിലും തിന്മ വളരുകയില്ല എന്നാണവരുടെ പക്ഷം.


ഈശോ വളർന്നു
ഉണ്ണീശോ നീ എന്താ അവിടെ ഉണ്ടാക്കുന്നത്?
അപ്പാ, ഞാൻ ഗനേസറത്ത് തടാകം ഉണ്ടാക്കുകയാണ്.
അപ്പൻ കണ്ടോ. ഇതാണ് ബോട്ട്. ഇങ്ങേ കരയിൽനിന്ന് അങ്ങേ കരയിലേക്ക് പോകണമായിരുന്നു. പക്ഷേ, വെള്ളം ഒഴുകിപോവുകയാ.
മോനിങ്ങു വന്നേ, ഞാൻ പറയട്ടെ.
ആ പൊട്ടക്കലത്തിനു പകരം വേറെ കലമുണ്ടാക്കാം. പിന്നെ പേപ്പർ ബോട്ടിനു പകരം തടികൊണ്ടുള്ള ബോട്ടും ഉണ്ടാക്കാം.
നാളെയാകട്ടെ, അപ്പൻ സഹായിക്കാം.


.മോന് തടികൊണ്ടുള്ള ബോട്ട് ഉണ്ടാക്കാൻ പഠിക്കണോ.
തീർച്ചയായും വേണം അപ്പാ, ഇനി എനിക്കെന്റെ അപ്പനെ സഹായിക്കാൻ പറ്റുമല്ലോ.
മോനേ, ഇതാണ് അറക്കവാൾ.
യൗസേപ്പിതാവ് ഈശോയെ പരിശീലിപ്പിക്കുന്നു.
മിടുക്കൻ, നന്നായി ചെയ്തല്ലോ.
അമ്മേ, നാളെ ഞാൻ അമ്മയ്ക്കൊരു സ്റ്റൂൾ ഉണ്ടാക്കിത്തരാട്ടോ.

തുടരും

# KidCat

**YOUCAT 120**

**CCC 738-741**

**അപ്പത്തിലും വീഞ്ഞിലും സന്നിഹിതനായിരിക്കുന്ന കർത്താവിനെ ആദരിക്കാനുള്ള ശരിയായ മാർഗ്ഗമെന്താണ്?**

പവിത്രീകൃതമായ അപ്പത്തിലും വീഞ്ഞിലും ദൈവം സത്യത്തിൽ സന്നിഹിതനാണ്. അതുകൊണ്ട് ആ ദിവ്യദാനങ്ങൾ അങ്ങേയറ്റം ആദരവോടെ നാം സൂക്ഷിക്കണം. നമ്മുടെ കർത്താവും രക്ഷകനുമായവനെ പരിശുദ്ധ പരമ ദിവ്യകാരുണ്യത്തിൽ ആരാധിക്കുകയും വേണം.

കുട്ടി : അമ്മാമ്മേ, എന്റെ കൂടെ പഠിക്കുന്ന സരിതയ്ക്ക് പുതിയ യൂണിഫോം മേടിക്കാൻ കാശില്ല. പഴയതാണേൽ ആകെ നരച്ചതും. അമ്മ എനിക്ക് രണ്ട് യൂണിഫോമിനുള്ള തുണിയെടുത്തിട്ടുണ്ടല്ലോ. ഒരെണ്ണം ഞാൻ അവൾക്ക് കൊടുക്കാൻ പോകുവാ.

അമ്മാമ്മ : നന്നായി മോളേ; ആവശ്യക്കാരിൽ ഈശോയെ കണ്ടുകൊണ്ട് നമുക്കുള്ളത് അവരുമായി പങ്കുവയ്ക്കുമ്പോൾ നമ്മൾ ഈശോയെ സ്നേഹിക്കുകയാണ് ചെയ്യുന്നത്.

കുട്ടി : ഈശോയ്ക്ക് സന്തോഷമാകും. അല്ലേ അമ്മാമ്മേ... എനിക്ക് ഇനീം കൂടുതൽ കൂടുതൽ ഈശോയെ സ്നേഹിക്കണം. അതിനെന്തു ചെയ്യും.

അമ്മാമ്മ : ഒത്തിരി സ്നേഹിക്കുന്നവർ സാധാരണ എന്തൊക്കെയാ ചെയ്യുക എന്ന് മോൾക്കറിയാമല്ലോ. എപ്പോഴും കൂടെയായിരിക്കാൻ ആഗ്രഹിക്കും. കാണാൻ കാത്തിരിക്കും. അവസരം കിട്ടുമ്പോഴെല്ലാം പരസ്പരം കാണും. സ്നേഹസംഭാഷണം നടത്തും. വിശേഷങ്ങൾ പങ്കുവയ്ക്കും.

കുട്ടി : മനസ്സിലായി അമ്മാമ്മേ. സ്കൂൾ തുറന്നാലുടൻ കൂട്ടുകാരെ കാണാൻ ഞങ്ങൾ കാത്തിരിക്കുംപോലെ, ഈശോയെ സ്നേഹിക്കുന്നെങ്കിൽ ഈശോയെ കാണാൻ ആഗ്രഹം വരും അല്ലേ, പക്ഷേ, ഈശോയേ ഞാനെങ്ങനെ നേരിൽ കാണും?

അമ്മാമ്മ : അമ്മാമ്മ പറഞ്ഞുതരാം. **എല്ലാ സക്രാരിയിലും അപ്പത്തിന്റെ രൂപത്തിൽ ഈശോ നമ്മെയും കാത്തിരിക്കുന്നുണ്ട്. സക്രാരിയിലെ ഈശോയെ കാണാനും ബഹുമാനിക്കാനും സ്നേഹിക്കാനും നമ്മൾ സമയം കണ്ടെത്തണം.**

കുട്ടി : പാവം ഈശോ. എന്ത് സന്തോഷമാവും നമ്മളെ കാണുമ്പോൾ. സ്കൂൾ തുറന്നാൽ ഞാനും കൂട്ടുകാരും സാധിക്കുമ്പോഴൊക്കെ ചാപ്പലിൽ പോയി ഈശോയെ കാണും. എന്നിട്ടു പറയും: **ഈശോയെ ഞാൻ അങ്ങേ സ്നേഹിക്കുന്നു, ആരാധിക്കുന്നു, നന്ദി പറയുന്നു.**






**മെയ് 4 – 10; മർക്കോസ് 5: 34**

അവൻ അവളോടു പറഞ്ഞു: മകളേ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു; സമാധാനത്തോടെ പോവുക; വ്യാധിയിൽനിന്നു വിമുക്തയായിരിക്കുക.

*ഈശോയേ, ഞാനങ്ങയിൽ വിശ്വസിക്കുന്നു.*

**മെയ് 11 – 17; മർക്കോസ് 6:56**

ഗ്രാമങ്ങളിലോ, നഗരങ്ങളിലോ, നാട്ടിൻപുറങ്ങളിലോ അവൻ ചെന്നിടത്തൊക്കെ, ആളുകൾ രോഗികളെ കൊണ്ടുവന്ന് പൊതുസ്ഥലങ്ങളിൽ കിടത്തിയിരുന്നു. അവൻെറ വസ്ത്രത്തിൻെറ വിളുമ്പിലെങ്കിലും സ്പർശിക്കാൻ അനുവദിക്കണമെന്ന് അവർ അപേക്ഷിച്ചു. സ്പർശിച്ചവരെല്ലാം സുഖം പ്രാപിക്കയും ചെയ്തു.

*ഈശോയേ എന്നെ തൊടേണമേ.*

**മെയ് 18 – 24; മർക്കോസ് 7:20**

അവൻ തുടർന്നു: ഒരുവൻെറ ഉള്ളിൽനിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്.

*ഈശോയേ, എന്നെ കഴുകി വിശുദ്ധീകരിക്കേണമേ.*

**മെയ് 25 – 31; മർക്കോസ് 8:34**

അവൻ ശിഷ്യൻമാരോടൊപ്പം ജനക്കൂട്ടത്തെയും തൻെറ അടുത്തേക്കു വിളിച്ചുവരുത്തി അവരോടു പറഞ്ഞു: ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.

*ഈശോയേ, കുരിശിനെ സ്നേഹിക്കാനുള്ള കൃപതരണേ.*

# വചന പാഠം



അപ്പാ, നമുക്കിന്ന് ഈ ബീച്ചിലിരുന്ന് വചനം പഠിച്ചാലോ.
അതു കൊള്ളാം. എല്ലാവരും ബൈബിളും നോട്ടുബുക്കും എടുത്തോളൂ. സാംകുട്ടൻ വായിക്ക്.




...ഒരുവന്റെ ഉള്ളിൽനിന്ന് പുറപ്പെടുന്നതാണ് അവനെ അശുദ്ധനാക്കുന്നത്. ഈ വചനത്തിന്റെ അർത്ഥം എന്തായിരിക്കും അപ്പാ...
പറയാം. അതിനു മുൻപ് എല്ലാവരും ഒരു പ്രാവശ്യംകൂടി തനിയെ ഈ വചനഭാഗം വായിച്ചേ.
നമ്മുടെ ഉള്ളിൽനിന്ന് വരുന്നത് എന്തൊക്കെയാണ്?
ദേഷ്യം, സ്നേഹം ക്ഷമ,
സങ്കടം അസൂയ സന്തോഷം.
നമ്മുടെ ഉള്ളിലെ നന്മയിൽനിന്നാണ് നല്ലത് പുറത്തുവരുന്നത്. അതുപോലെ ഉള്ളിലെ പാപത്തിൽനിന്ന് മോശമായവും പുറത്തുവരും.
അതെങ്ങനെയാ അമ്മേ ഉള്ളിൽനിന്നും പുറത്തുവരുന്നത്?


ജോസൂ, മോൻ ഇത് നോക്കിക്കേ. ഈ മാങ്ങയിലെ കേട് എങ്ങിനെയാ വന്നത്? ഇതിന്റെ അകം കേടായതുകൊണ്ടല്ലേ?
അപ്പാ, എനിക്ക് ചില സമയത്ത് അമ്മ പറയുന്നതൊന്നും അനുസരിക്കാനേ തോന്നത്തില്ല. എന്റെ ഉള്ളിലെ ഈ തിന്മ മാറാൻ എന്തു ചെയ്യും?
"*കുട്ടികളേ, കർത്താവിൽ നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുവിൻ*" എന്ന വചനം നിരന്തരം പറഞ്ഞു പ്രാർത്ഥിക്കണം. പതിയെ പതിയെ മോൾക്ക് മാറ്റം വരും.
ഇതുപോലെ നിങ്ങൾക്ക് മാറ്റാൻ പറ്റാത്ത സ്വഭാവങ്ങൾ എന്താണെന്നു മനസ്സിലാക്കണം. അതിനെ ജയിക്കാൻ പറ്റുന്ന വചനം കണ്ടെത്തി നിരന്തരം ഉരുവിടണം. – വചനവും കൂദാശകളും നമ്മുടെ ഉള്ളിലെ പാപത്തെ കഴുകി നമ്മളെ ഹൃദയവിശുദ്ധിയുള്ളവരാക്കും.
നമുക്ക് പ്രാർത്ഥിക്കാം: ഈശോയെ ഞങ്ങളുടെ ഹൃദയങ്ങളെ അങ്ങേ വചനത്താൽ കഴുകി വിശുദ്ധീകരിക്കണമേ.

# ഫാമിലി ട്രീ ബോക്സ്




എന്റെ പേര് റ്റോജോ. ഞാനും അമ്മയും അടിച്ചിറ പരിത്രാണ ധ്യാന കേന്ദ്രത്തിൽവച്ചു നടന്ന ഒരു എയ്ഞ്ചൽസ് ആർമി കൂട്ടായ്മയിൽ പങ്കെടുത്തപ്പോൾ, അമ്പാട്ടുകുഴിയച്ചൻ പറഞ്ഞ കാര്യങ്ങളാണ് ഫാമിലി ട്രീ ബോക്സ് ഉണ്ടാക്കാൻ എനിക്ക് പ്രേരണയായത്.

ഞാൻ എന്റെ അമ്മാമ്മയുടെ അടുത്തുപോയിരുന്ന് എന്റെ അപ്പന്റെയും അമ്മയുടെയും മൂന്ന് തലമുറ മുൻപുവരെയുള്ള എല്ലാവരുടെയും പേരുകൾ ശേഖരിച്ചു. ഓരോ പേരും ഓരോ കടലാസിൽ എഴുതി. ഒരു പെട്ടിയുണ്ടാക്കി അതിൽ ഇട്ടു. **അതാണ് ഫാമിലി ട്രീ ബോക്സ്.** ഞങ്ങളും ഞങ്ങളുടെ വീട്ടിൽ വരുന്നവരും എല്ലാ ദിവസവും ഈ ബോക്സിൽനിന്ന് ഒരു കടലാസു കഷണം എടുക്കും. അതിൽ കാണുന്ന ആളിനുവേണ്ടി അന്നു മുഴുവൻ പ്രാർത്ഥിക്കും.

ഇത് ഞങ്ങളുടെ കുടുംബത്തിന് വലിയ അനുഗ്രഹമായി. പഴയ തലമുറയെ പരിചയപ്പെടാനുള്ള ഒരു അവസരമായി അത് മാറി. പലരേയും ഞങ്ങൾ കണ്ടിട്ടേയില്ലെങ്കിലും അവരുമായി ഒരാത്മബന്ധം വന്നതുപോലെ തോന്നി.

(ടോജോ, കോട്ടയം)

കൂട്ടുകാരേ,

നമ്മൾക്കും ടോജോ ചേട്ടനെപ്പോലെ ഈ അവധിക്കാലത്ത് ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ നമ്മുടെ കുടുംബാംഗങ്ങളെ അറിയാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും ഒരു പരിശ്രമം നടത്തിയാലോ.

നിങ്ങൾ ചെയ്യേണ്ടത്

നിങ്ങളുടെ അപ്പന്റെയും അമ്മയുടെയും സഹായത്തോടെ അവരുടെ കുടുംബത്തിലെ രണ്ടോ മൂന്നോ തലമുറ വരെയെങ്കിലും സാധിക്കുന്നിടത്തോളം ആളുകളുടെ പേരുകൾ ശേഖരിക്കുക. ചെറിയ കടലാസ് കഷണങ്ങളിൽ പേര്, വീട്ടുപേര്, നമ്മളുമായുള്ള ബന്ധം ഇവ എഴുതുക. ഒരു ബോക്സ് ഉണ്ടാക്കി അതിൽ ഈ കടലാസ് കഷണങ്ങൾ ഇടണം. ഫാമിലി ട്രീ ബോക്സ് റെഡി. എല്ലാ ദിവസവും കുടുംബപ്രാർത്ഥനയ്ക്കുശേഷം വീട്ടിലുള്ള ഓരോരുത്തരും ഓരോ പേപ്പർ എടുക്കണം. അതിൽ എഴുതിയിരിക്കുന്ന ആൾക്കുവേണ്ടി പിറ്റേ ദിവസത്തെ കുർബാനയിൽ പ്രത്യേകം പ്രാർത്ഥിക്കണം. ഒപ്പംതന്നെ നിങ്ങളാൽ സാധിക്കുന്ന ചെറിയ ത്യാഗങ്ങൾ എടുത്തുകൊണ്ട് അവർക്കുവേണ്ടി ഒരു ദിവസം മുഴുവൻ പ്രാർത്ഥിക്കുക. നമ്മൾ ഇത് ചെയ്യുമ്പോൾ സ്വർഗ്ഗം സന്തോഷിക്കും. ശുദ്ധീകരണ സ്ഥലത്തുള്ളവർ പ്രതീക്ഷയോടെ നമ്മളെ നോക്കുന്നുണ്ടായിരിക്കും. ദൈവം നമ്മളെ അനുഗ്രഹിക്കട്ടെ.



# എയ്ഞ്ചൽസ് ആർമി

# ESH AHEBAH

*Fire of Love*

## ANGELS ARMY FAMILY GATHERING 2014

കുഞ്ഞുങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും ഒരുമിച്ചു ധ്യാനം കൂടുവാൻ 6 റീജിയനുകളിൽ ഏയ്ഞ്ചൽസ് ആർമി അവസരമൊരുക്കുന്നു. മാതാപിതാക്കൾക്ക് പ്രത്യേകവും കുഞ്ഞുങ്ങൾക്ക് അവരുടെ പ്രായത്തിനനുസരിച്ച് പല ഗ്രൂപ്പുകളായും ധ്യാനങ്ങൾ.

കൂടുതൽ വിവരങ്ങൾക്കായി വിളിക്കുക

| | റീജിയൺ | ധ്യാനം നടക്കുന്ന തീയതി | ധ്യാനം നടക്കുന്ന സ്ഥലം | ബന്ധപ്പെടേണ്ട നമ്പർ |
|---|---|---|---|---|
| 1. | കണ്ണൂർ | മെയ് 16 - 19 | റീജണൽ പാസ്റ്ററൽ സെന്റർ പടന്നക്കാട് | ലീന : 9495466524 |
| 2. | തൃശൂർ | മെയ് 10(8am) - 12 | PACS ഇരിങ്ങാലക്കുട | ജോബി : 9747237792 |
| 3. | എറണാകുളം | മെയ് 15 - 18 | ആൽഫാ പാസ്റ്ററൽ സെന്റർ ഇടക്കൊച്ചി | സ്വപ്ന : 9349205088 |
| 4. | കോട്ടയം | മെയ് 8 - 11 | പരിത്രാണ റിട്രീറ്റ് സെന്റർ, അടിച്ചിറ | ബോബച്ചൻ : 9446202481 |
| 5. | തിരുവനന്തപുരം | മെയ് 1 - 4 | കനോഷ്യൻ കോൺവന്റ്, വെട്ടുതുറ | ലില്ലി : 9447154184 |

## എയ്ഞ്ചൽസ് ആർമി മാസിക തപാലിൽ ലഭിക്കാൻ

നിങ്ങളുടെ വിലാസവും ഫോൺ നമ്പറും ഞങ്ങൾക്ക് അയച്ചുതരുകയോ താഴെക്കൊടുത്തിരിക്കുന്ന നമ്പറുകളിലേക്ക് SMS ചെയ്യുകയോ ചെയ്യുക.

**8891585850, 9349205088**

Angels Army, Jesus Youth, Emmaus, H.M.T.Colony P.O, Kalamassery-683503, Kochi, Kerala
Email: info@angelsarmy.in Ph: 0484 6444702
**www.angelsarmy.in**